**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 890** **12-06-2024 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ ഉപപദ്ധതികൾക്കായുള്ള പ്രത്യേക കേന്ദ്ര പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികവർഗ്ഗ ഉപപദ്ധതികൾക്കായുള്ള പ്രത്യേക കേന്ദ്ര പദ്ധതി പുനർനാമകരണം ചെയ്തതിന്റെ ഫലമായി പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് സഹായം ലഭിക്കാത്ത സാഹചര്യം നിലവിലുണ്ടോ; വിശദാംശം നൽകാമോ ; | (എ) | പട്ടികവർഗ്ഗ ഉപപദ്ധതികൾക്കുള്ള പ്രത്യേക കേന്ദ്ര സഹായം എന്ന പദ്ധതിയെ കേന്ദ്ര സർക്കാർ 2022 -23 സാമ്പത്തിക വർഷം മുതൽ പ്രധാന മന്ത്രി ആദി ആദർശ് ഗ്രാമ യോജന (PMAAGY)) എന്ന് പുനർനാമകരണം ചെയ്തിട്ടുണ്ട്. ഈ പദ്ധതിയ്ക്കായി കേന്ദ്ര സർക്കാർ പ്രത്യേക മാനദണ്ഡം പുറപ്പെടുവിച്ചിട്ടുണ്ട്. പട്ടികവർഗ്ഗക്കാർ കൂടുതലായി അധിവസിക്കുന്ന വില്ലേജുകളുടെ, വിധ വകുപ്പുകളുടെ പദ്ധതി സംയോജനം കൂടി ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള സമഗ്ര വികസനമാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ 2023 -24 സാമ്പത്തിക വർഷത്തിൽ വയനാട്, പാലക്കാട്, ഇടുക്കി എന്നീ ജില്ലകളിൽ നിന്നും 6 വില്ലേജുകളുടെ വികസനത്തിനായി വില്ലേജ് ഒന്നിന് 20 ലക്ഷം രൂപാനിരക്കിൽ 120 ലക്ഷം രൂപയുടെ പദ്ധതി ശുപാർശ അംഗീകരിച്ചിട്ടുണ്ട്. |
| (ബി) | ഈ പ്രതിസന്ധി മറികടക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (ബി) | പ്രസ്തുത പദ്ധതിയ്ക്കായി കേന്ദ്ര സർക്കാർ പ്രത്യേക മാനദണ്ഡം പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ അംഗീകാരം ലഭ്യമായ പ്രൊജക്ടുകൾക്ക് സംസ്ഥാന സർക്കാർ അനുമതി നൽകി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ